4 - 10

ഇന്ദുമതീസ്വയംവരം

(ഓട്ടൻതുള്ളൽ)

MAG 6 MAD- I

വിദ്വാൻ ചെറുശ്ശേരി മാധവമേനോൻ.

ഇന്ദുമതീസ്വയംവരം.

(ഓട്ടൻതുള്ളൽ)

KOTTAYAM PUBLIC LIBRARY * KOTTAYAM.
70685

വിദ്വാൻ **ചെറുശ്ശേരി മാധവമേനോൻ,**

തത്തമംഗലം.

Published By

Pandit T. Achyuthan Nair.

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്)

1954

കോപ്പി 500.] വില 0—8—0

MA6

അവതാരിക.

ഗൊയ്ഥേയുടെ ഭാഷയിൽ വിശ്വമഹാകവിതന്നെയായ കാളിദാസൻെറ നിസൎഗ്ഗസുന്ദരങ്ങളായ കാവ്യങ്ങാം ഏതെല്ലാം രൂപത്തിൽ എപ്പോളൊക്കെ കൈരളിക്കു ലഭിച്ചാലും അതൊരു മൂല്യനേട്ടമായിട്ടേ പരിഗണിക്കാൻ പാടുള്ളു എന്നു വിശ്വസിക്കുന്ന എന്നേപ്പോലുള്ള ഒരു വ്യക്തിക്കു ആ നേട്ടം, ഒരൊച്ചപ്പാടും കൂടാതെ സാഹിതീസപൎയ്യചെയ്യുന്ന ഒരു പ്രശസ്ത സാഹിത്യകാരൻെറ സമൎത്ഥമായ അഭിവാഞ്ഛയുടേയും കാൎയ്യമാത്രപ്രസക്തമായ സാഹിത്യപ്രണയത്തിൻേറയും ഫലമായിട്ടുള്ളതുകൂടിയാണെന്നു വരുമ്പോാം അതിൽ കവിഞ്ഞ ആഹ്ലാദമുണ്ടാകുന്നതു സ്വാഭാവികമായിരിക്കും. സഹൃദയന്മാരുടെ മുക്തകണ്ഠമായ പ്രശംസക്കും അഭിനന്ദനത്തിനും അൎഹമായ രഘുവംശം ആറാംസൎഗ്ഗത്തിൽ, വിവാഹവിഷയത്തിൽ ഭാരതീയാംഗനമാൎക്കുള്ള സ്വതന്ത്ര്യസ്വാതന്ത്ര്യം എത്രത്തോളമെന്നു വിശദമാക്കുന്ന ഏതൊരു ചരിത്രാംശമാണോ ഇതിവൃത്തമായി അംഗീകരിച്ച് ജഗന്മനോഹരങ്ങളായ പദ്യങ്ങളെക്കൊണ്ട് അലംകൃതമാക്കിയിരിക്കുന്നത് ആ കഥാവസ്തു തന്നെയാണ് 'ഇന്ദുമതീസ്വയംവര'മെന്ന പേരിൽ 'തുള്ള'ലായി എൻെറ ആപ്തമിത്രവും കവിയും ഗുരുകുലക്ലിഷ്ടനമായ വിദ്വാൻ സി. മാധവമേനോൻ ഇപ്പോാം ചെറിയൊരു പുസ്തകരൂപത്തിൽ വിനീതോപഹാരമായി കൈരളിക്കു സമൎപ്പിക്കുന്നത്. ഈ ചെറിയ 'മഹാ'ഗ്രന്ഥത്തിനു അതൎഹിക്കുന്നവിധം, ഒരവതാരിക എഴുതണമെന്നു അദ്ദേഹം എന്നോടാവശ്യപ്പെട്ടതു എന്നിലുള്ള സ്നേഹാധിക്യം ഒന്നുകൊണ്ടുമാത്രമല്ലാതെ അവതാരകനാകാനുള്ള എൻെറ കഴിവിനെപ്പററി ലേശമെങ്കിലും ആലോചിച്ചിട്ടാകാനിടയില്ല. മിത്രവാക്യം അനാദരിക്കാനുള്ള വൈമനസ്യമൊന്നല്ലെങ്കിൽ അദ്ദേഹം എന്നെ ഏല്പിച്ച ഗൗരവമേറിയ ചുമതല അനൎഹതയുടെ പേരിൽ ഞാൻ സസ്നേഹം, നന്ദിപൂൎവ്വം നിരാകരിക്കുമാ

യിരുന്നു. ഏതായാലും എൻെറ കഴിവനുസരിച്ച് എന്തെങ്കിലും ചിലതു കാട്ടിക്കൂട്ടുകതന്നെ.

ഇന്ദുമതിയിൽ കാളിദാസൻ പ്രകാശിപ്പിച്ചിട്ടുള്ള അഭൗമസൗന്ദര്യത്തെ തർജ്ജമയിൽ ശ്രീ മാധവമേനോൻ വിലക്ഷണമാക്കിയിട്ടില്ലെന്നതാണ് എനിക്കാദ്യമായി പറയാനുള്ളത്. ആറാംസർഗ്ഗം തുറന്നു മലർത്തിവെച്ചു ഇന്ദുമതീസ്വയംവരംതുള്ളൽ ഞാൻ ഒത്തുനോക്കി. പറയത്തക്ക വൈരൂപ്യം ഒരിടത്തും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. ചില സന്ദർഭങ്ങളിൽ പാദപൂരണാർത്ഥം ശ്രീ മാധവമേനോൻ ഒന്നോ രണ്ടോ പദങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽത്തന്നെയും അവ അവിടെ വേണ്ടതുതന്നെയാണെന്നു തോന്നുകയും ചെയ്തിട്ടുണ്ട്. കാളിദാസമഹാകവിയുടെ ആശയം ചോൎന്നുപോകാതെ, എൻെറ സ്നേഹിതൻ സൂക്ഷിച്ചിട്ടുണ്ട്. വിസ്തരഭയത്താൽ ഒരുദാഹരണംമാത്രമേ കാണിക്കുന്നുള്ളു.

ദീപശിഖാശബ്ദം പ്രയോഗിച്ചു ദീപശിഖാകാളിദാസനെന്ന ബിരുദസമാർജ്ജിച്ച ആ പ്രശസ്തപദ്യവും അതിൻെറ തർജ്ജമയുമാണിവിടെ ഉദ്ധരിച്ചിരിക്കുന്നത്.

മൂലം

"സഞ്ചാരിണീ ദീപശിഖേവ രാത്രൗ
യം യം വ്യതീയായ പതിം വരാ സാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാലഃ."

തർജ്ജമ.

"വല്ലഭവരണോത്സുകയായവൾ നിശി
ചെല്ലുന്നോരു വിളക്കിൻ ശിഖപോൽ
പിന്നിട്ടുള്ള നരാധിപരെല്ലാ–
മൊന്നൊന്നായി വിവർണ്ണതയാൎന്നു,
നരവരവീഥിയിലുള്ളൊരു മാളിക–
നിരപോലപ്പൊഴുതെന്നേവേണ്ടു."

തജ്ജമയിലേ 'എന്നേവേണ്ടു' എന്ന അധികപ്രയോഗം പോലും സന്ദർഭത്തിനു അനുരൂപമായിട്ടേ ആക്കും തോന്നൂ. ഇന്ദുമതിയിൽ ശ്രീ മാധവമേനോൻ തികച്ചും വിജയിച്ചിട്ടുണ്ട്.

പുരോഗമനസാഹിത്യത്തിൻെറ 'ഇരച്ചപായൽ'കൊണ്ടു യഥാത്ഥസാഹിത്യം കറവററ പശുപോലെയായിത്തീന്നിട്ടുള്ള ഇക്കാലത്തു അതീതസാഹിത്യപ്രസ്ഥാനങ്ങളിലൊന്നിൽക്കൂടെ ഒരു പൗരാണികകഥ—അതും ഇന്നു ആക്കും ആവശ്യമില്ലാത്തതായിത്തീന്നിരിക്കുന്ന രാജാക്കന്മാരുടെ കാമചാപല്യങ്ങാം പ്രകടമാക്കുന്ന ഒരു കഥ—രൂപമെടുക്കുന്നതു എത്രത്തോളം സ്വാഗതാഹമാകും എന്നൊരു പൂവ്വപക്ഷമുണ്ടാകാം. ഇതിനൊരു സമാധാനവും കാണണമല്ലൊ. ആ പഴഞ്ചൻ രാജാക്കന്മാരേക്കാറം ചപലരും ലൈംഗികവികാരങ്ങാം നിയന്ത്രിക്കാൻ കഴിവില്ലാതെ വിഷം കുടിച്ചോ, തീവണ്ടിയ്ക്കു തലകൊട്ടത്തോ, ബസ്സിനു മുമ്പിൽ കിടന്നോ, തൂങ്ങിയോ വെള്ളത്തിൽ ചാടിയോ അപമൃത്യു വരിക്കുന്ന കഥയില്ലാത്തവരെ നായകന്മാരാക്കുന്ന പുരോഗമനകാവ്യങ്ങളെ അപേക്ഷിച്ചു കാളിദാസൻെറ കഥാപാത്രങ്ങളായ രാജാക്കന്മാർ എത്രയോ മുന്നണിയിൽ നില്ക്കുന്ന "ബുദ്ധജീവി"കളായിരുന്നു എന്നേ ഞാൻ പറയുന്നുള്ളു.

ഇന്ദുമതീസ്വയംവരം ജനകീയസാഹിത്യമാകണമെന്ന സദുദ്ദേശം പുരസ്കരിച്ചായിരിക്കണം കവി, ഇതൊരു തുള്ളൽകഥയാക്കിയതു്. ആടിക്കാണാനും പാടിക്കേറംക്കാനും സൗകര്യപ്പെടുന്ന ഒരു സവിശേഷത ആട്ടക്കഥകളേക്കാറം തുള്ളൽ കഥകറംക്കുണ്ടു്. ഏതായാലും ശ്രീ മധവമേനോൻെറ സംരംഭം ഒട്ടും അസ്ഥാനത്തായിട്ടില്ല. നിദ്ദോഷവും സകാകഷകവുമായ ശൈലി, വസ്തുതത്വഗ്രഹണക്ഷമമായ പ്രതിപാദനം, പ്രശാന്തസുന്ദരമായ ആശയം, ഫലിതം നിറഞ്ഞ വണ്ണനം എന്നിവകൊണ്ടു ഈ പുതിയ തുള്ളൽ ഇന്ദുമതീസ്വയംവരംകൂടാതുള്ള കുഞ്ചൻെറ തുള്ളൽ പട്ടികയുടെ വലുതായൊരു ന്യൂനത പരിഹരിച്ചിട്ടുണ്ടു്. ഇന്ദുമതിയെ

പ്പോലെയുള്ള ഒരു യഥാൎത്ഥ രാജകന്യകയുടെ സ്വയംവരം തുള്ളലിൽ കൊണ്ടുവരാൻ രാജഭക്തനായ നമ്പ്യാർ വിട്ടുപോയതു എന്തു കാരണംകൊണ്ടായാലും ആ സ്ഥാനത്തു ശ്രീ മാധവമേനോൻ ഇന്ദുമതിയെ സൎവ്വാഭരണഭൂഷിതയാക്കി പ്രതിഷ്ഠിച്ചു കൃതാൎത്ഥനായിത്തീൎന്നിരിക്കുന്നു. നമ്പ്യാരുടെ തുള്ളലുകൾക്കു കൂടിയേ തീരു എന്ന കല്പിതകഥാപാത്രങ്ങളോ, സദ്യയോ, വഴിപോക്കരുടെ നൎമ്മഭാഷണങ്ങളോ, നായാട്ടോ, എഴുന്നള്ളത്തുകളോ ഇതിലില്ലെന്നു പഴിക്കുന്നവർ, സംസ്കാരസമ്പന്നനായ കാളിദാസൻെറ തറവാടിത്തം മറന്നുപോകരുതെന്നേ ഞാൻ ആവശ്യപ്പെടുന്നുള്ളു. കാളിദാസനെ വിട്ട് സ്വതന്ത്രമായ ഒരു മാൎഗ്ഗത്തിൽക്കൂടി സഞ്ചരിക്കാൻ മാധവമേനോനു മനസ്സുവരുന്നുമില്ല. അദ്ദേഹമെന്തുചെയ്യട്ടെ. നമ്പ്യാരിൽനിന്നു ഫലിതമാണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽ ആ ഫലിതം ഇന്ദുമതീസ്വയംവരത്തിൽ വേണ്ടുവോളമുണ്ട്. മാത്രമല്ല സംസ്കാരപുഷ്ടങ്ങളുമാണവ എന്നൊരു വിശേഷവും കാണാം.

ചില ഈരടികളിലെ ഭാഷയ്ക്കു പ്രതീക്ഷയിലും കവിഞ്ഞ പ്രൗഢിയുണ്ടെന്നുള്ള വസ്തുത എടുത്തു പറയാതെ കഴികയില്ല. ആശയം പ്രൗഢമാകുമ്പോൾ ലളിതഭാഷയ്ക്കുവിടെ സ്ഥാനമുണ്ടാകാനും വയ്യാ. ഇക്കാൎയ്യത്തിൽ പദദാരിദ്ര്യം ധാരാളമുള്ള മലയാണ്മയെത്തന്നെ വേണം കുററം പറയാൻ.

ആശയസമ്പത്തും, അലങ്കാരപുഷ്ടിയും, ആദൎശസൗഭാഗ്യവും തികഞ്ഞ് രൂപഭാവശില്പങ്ങളിൽ മെച്ചംനേടിയ പല നല്ല കാവ്യങ്ങളും ശ്രീ മാധവമേനോനിൽനിന്നു കൈരളിക്കു സിദ്ധിച്ചിട്ടുണ്ട്. മേനോൻെറ സാഹിതീസേവനത്തെ അനുവാചകലോകം കൗതുകപൂൎവ്വം അനുമോദിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ദുമതീസ്വയംവരം രാഷ്ട്രീയമായും സാമുദായികമായും സാംസ്കാരികമായും ചിന്താവിഷയമാകേണ്ട ഒരു സദ്ഗ്രന്ഥമാണ്. ധനത്തിലോ, ആഭിജാത്യത്തിലോ, പ്രതാപത്തിലോ, ജ്ഞാന

ത്തിലോ, ആഡംബരത്തിലോ അല്ല തപസ്യയിലും പവിത്രതയിലുമാണു ജീവിതത്തിൻെറ കലാമൂല്യം സ്ഥിതിചെയ്യുന്നതെന്ന മഹത്തായ ഒരു സന്ദേശമാണു നമുക്കിതിൽനിന്നു ലഭിക്കുന്നത്. അതുകൊണ്ടുതന്നെയാണു ഇത്തരം കാവ്യങ്ങൾ കല്പാന്തരസ്ഥായികളായിത്തീരുന്നതും. അങ്ങനെ ഭൗമാവസ്ഥയിൽനിന്നു അഭൗമാവസ്ഥയിലേക്കു ഹൃദയാലുക്കളേ നയിക്കുന്ന ഗ്രന്ഥങ്ങളല്ലെ ശാന്തിയും സമാധാനവും കൊതിയ്ക്കുന്ന മനുഷ്യക്കു ഏററവും പററിയ ദിവ്യൗഷധങ്ങൾ !

ശ്രീ മാധവമേനോൻ കൈരളിയ്ക്കൎപ്പിക്കുന്ന ഈ നവോപഹാരത്തിനു നാം കൃതജ്ഞത പ്രദശിപ്പിക്കുക. ഇത്തരം സൽകൃതികൾകൊണ്ടു നമ്മെ ധന്യരാക്കാനുള്ള സമയവും സന്മനസ്സും സാഹചര്യവും അദ്ദേഹത്തിന്നുണ്ടാകട്ടേ എന്നു നാം പ്രാൎത്ഥിക്കുകയും ചെയ്യുക. സ്വയംവരത്തിനു വിജയം ആശംസിച്ചുകൊണ്ടു് ഞാനീഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

'ജയ് ഹിന്ദു്'

കരുണാലയം, ചിററൂർ,
27—5—1954.

ടി. കെ. രാമൻമേനോൻ.

VIDWAN C. MADHAVA MENON

സാഹിത്യപ്രഭതഞ്ചിടുന്ന നയനം, സത്തായ വിദ്യാധനം,
സൌഹിത്യത്തൊടുസജ്ജനപ്രിയമിയററീടുന്ന സംഭാഷണം,
സ്നേഹിപ്പോരിലുറച്ചബന്ധ,മമലസ്മേരാനനം, പ്രാഭവം–
മോഹിക്കാത്ത നടപ്പുടുപ്പിവ ശരിക്കുണ്ടെൻ ചെറുശ്ശേരിയിൽ

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.

ഇന്ദുമതീസ്വയംവരം.

(ഓട്ടൻതുള്ളൽ)

കരിവരവദനൻ കന്മഷനാശന-
നരുതരമംഗളമേകീടുന്നോൻ
നിരവധി ഗുണനിധി തന്തിരുവടിയുടെ
ചരണസരോജം കൈക്കൂപ്പുന്നോൻ.
ശാരദനീരദനിമ്മലരൂപിണി
ശാരദയും മമ രസനാഗ്രത്തിൽ
സാരസ്യാമലവാങ്മധു തൂകി
പാരം പെരുമ വളത്തീടേണം.
കാണാകുന്നൊരു ദൈവതമെൻഹൃദി
നീണാൾ വാഴണമെൻഗുരുവര്യൻ.
ആ മഹിതാശയ കരുണാദീപം
കാമദമിവനൊരു വഴികാട്ടീടും.
ഇന്ദുമതിക്കുടയോരു 'സ്വയംവര'-
മിന്നിഹഞാനുരച്ചീടുന്നോൻ
വന്നീടാം പിഴയെങ്കിലുമായതു
വന്ദ്യന്മാരാം നിങ്ങൾ പൊറുപ്പിൻ.

1. മഞ്ചങ്ങളിൽ നൽസിംഹാസനമതി-
ലഞ്ചിതവേഷമണിഞ്ഞരുളീടും.
ഭൂമീനാഥരെയജനും കണ്ടാൻ
വൈമാനികരാം സുരരെപ്പോലെ.

2. രതിയുടെയനുനയവചനംമൂലം
മതിയിലൊരലിവുടനുണ്ടാവുകയാൽ

മതിചൂടുന്നാവന്നടലത്തു വീണ്ടും
ചിതമൊടു നല്കിയ മന്മഥനെപ്പോൽ
അജനെക്കണ്ടിട്ടിന്ദുമതിക്കൊതി-
യരചകുലത്തിനമില്ലാതായി!

3. പാറപ്പടിവഴി സിംഹത്തിൻശിശു
പരിചൊടു പർവ്വതശിഖരംപോലെ,
നന്നായ് ത്തീർത്തോരു കോവണി വഴിയായ്
മന്നൻ കാട്ടിയ മഞ്ചം നോക്കി
അന്നാരനായകനന്ദനനജനും
ചെന്നു കരേറി മോദത്തോടും.

4. അണിയായ് വർണ്ണവിരിപ്പിട്ടുത്തമ-
മണിമയസിംഹാസനമതിൽമരുവും
ക്ഷോണീശാത്മജനജനും ബർഹിയിൽ
വാണീടും ഗുഹനൊത്തു വിളങ്ങി.

5. ആ രാജന്യപരമ്പരയിൽ ശ്രീ-
യോരായിരമായ് നിജതനുപങ്കി,
കാന്തിവിശേഷം ചിന്തിക്കാണ്മോർ-
കണ്ണഞ്ചിക്കും മട്ടു ചരിച്ചു;
നീരദനിരയിൽ തന്നുടെ രൂപം
ചാർത്തചേരും ചഞ്ചലപോലെ.

6. വിലപെറുമാസനനിരയിൽച്ചന്തം-
കലരും നല്ല വിഭൂഷകൾ ചാർത്തി
മേവും ഭൂമീധവരുടെ നടുവേ
അവനാരാഘവനേറെ വിളങ്ങി,
സുരവരതരുതതിതങ്ങടെ നടുവേ-
യരിയൊരു രണ്ടാമത്തതുപോലെ.

7. ആരാജന്യകുലംവിട്ടവനിൽ
പൌരാവലിയുടെ ദൃഷ്ടിപതിച്ചു,
പൂത്തമരങ്ങളെ വിട്ടങ്ങളിനിര
മത്തൻകാട്ടാനയിലെന്നോണം.
8. അനപായചരിതമറിഞ്ഞൊരു വന്ദികൾ
മന്നാരെയിനശശിവംശ്യരെ വാഴ്ത്തി;
അകിലിൻപുകയക്കൊടികളെയെല്ലാ-
മതിലംഘിച്ചു പറന്നുതുടങ്ങി;
9. പുരവരനികടോദ്യാനേ മയിലുക-
ളുരുമദനൃത്തം വെയ്ക്കുംവണ്ണം
പൊങ്ങിനശംഖനിനാദത്തോടെ
തിങ്ങിയിതെങ്ങും തൂര്യസ്വനവും.
10. ഇങ്ങനെയുള്ളൊരു മംഗലവേലയി-
ലങ്ങു പതിംവരയായ് നൃപകന്യ
വരണവിഭൂഷകളൊക്കെച്ചാർത്തി
പരിവാരങ്ങളുമായതിഭംഗ്യാ,
നരരെക്കൊണ്ടു ചുമപ്പിച്ചുള്ളൊരു
വരപര്യങ്കത്തിങ്കലിരുന്നു്,
മഞ്ചാന്തരനൃപമാർഗ്ഗം തന്നിൽ
സഞ്ചിതമോദമണഞ്ഞിതുമെല്ലെ.
11. കന്യാമയവും നേത്രശതങ്ങൾ-
ക്കൊന്നായുള്ള ശരവ്യവുമായി
കാണാകിയൊരാവിധി വിരുതിങ്കൽ
വീണു ഭൂപമനസ്സുകളപ്പോൾ;
കേവലമവരുടെയുടലുകളത്രേ-
യവശേഷിച്ചതിരിപ്പിടനിരയിൽ.

12. നല്ലമഹീരുഹതതികളിലാകെ-
പ്പല്ലവകാന്തികളെന്നകണക്കേ
അവളൊടെഴുംകൊതി വെളിവായീടിന
ഭുവനേശ്വരരിൽ പലമട്ടപ്പോൾ
പ്രേമനിവേദന ദൂതികളാദ്യകൾ
കാമവിചേഷ്ടകൾ, കാണായ്വന്നു:

13. ലീലാകമലമൊരരചൻ വണ്ടുകൾ,
ലോലദലാഹതിയേൽക്കും വിധവും,
പൂമ്പൊടി മണ്ഡലമൊന്നതിനകമേ-
യെമ്പാടും പുനരുണ്ടാമ്മാറും,
ആയതിനുള്ളൊരു തണ്ടിന്മേലിരു-
കൈയുകൾ ചേർത്തു തിരിച്ചു തുടങ്ങീ.

14. ചുമൽ വിട്ടൊട്ടു കിഴിഞ്ഞാമണിയണി-
കേയൂരത്തിലുടക്കും മാലയെ
വിടുവിച്ചങ്ങു വിലാസിയൊരരചൻ,
നല്ലഴകൊഴുകും തന്നുടെയാസ്യം
തെല്ലുതിരിച്ചിട്ടതു ശരിയാക്കി.

15. മറെറാരു നരപതി മിന്നും കണ്ണുകൾ
ചെററു കുനിച്ചു, വിരൽത്തുമ്പുകളും,
നല്ല നഖക്കതിർ ചിന്നുംവണ്ണം
പൊല്പീഠത്തിൽ വരച്ചിതു കാലാൽ.

16. അർദ്ധാസനമതിലൂന്നിയിടംകൈ-
യതിനാലേറെച്ചുമലും പൊങ്ങി,
ഒന്നു തിരിച്ചു കഴുത്തിൻ പിറകേ
ചിന്നും മുത്തണി മാലയുമായി,

ഒരു ധരണീപതി തൻെറയിടത്തായ്
മരുവുന്നാത്മസുഹൃത്തിനൊടായി,
അന്നേരം പുനരാരംഭിച്ചാ-
നൊന്നൊന്നായി വിശേഷം പറവാൻ.

17. സുന്ദരിമാരുടെ ചെവിയിൽ ചാത്താൻ
ചന്തമിയന്നൊരു കൈതപ്പൂവിതൾ
തെല്ലുവിളത്തുന്നുള്ളിക്കീറി
മെല്ലെ, യുവാവാമൊരുനൃപനപ്പോൾ,
പ്രിയയുടെ മുഗ്ധനിതംബംതന്നിൽ
പ്രിയമൊട്ടു പരിശീലിച്ച നഖത്താൽ.

18. ചന്തത്തിൽ ധ്വജരേഖാങ്കിതമായ്
ചെന്താമരപോലുള്ള കരത്താൽ,
മണിമയമോതിര കാന്തിക്കതിരുക-
ളണിയും പകിടയുരുട്ടീയൊരുവൻ.

19. തിരിവില്ലാതെയിരിക്കും മകുടം
ശരിയാക്കീടുകയെന്നൊരു കളവാൽ
ഒരുവനതിന്മേലുള്ള മണിപ്രഭ
വിരലിന്നിടകളിൽ വിങ്ങും വണ്ണം
തന്നുടെ തലയിലിരിക്കും മൗലിയെ-
യെന്നു തലോടീയൊരുകൈയാലേ.

20. പിന്നെദ്ധരണിപകുലചരിത്രങ്ങളെ
നന്നായുള്ളിലറിഞ്ഞുള്ളവളാം
ചൂരൽക്കാരിയൊരുത്തിയൊരാണിൻ-
ധീരതയുള്ള സുനന്ദയുമാദ്യം,
മഗധേശ്വരനുടെ നികടമണച്ചാ-
മഹതിയൊടരചകുമാരിയൊടോതി:

21. “സാർത്ഥപരന്തപനാമമിയന്നൊരു
പാർത്ഥിവനാണിതു മഗധം കാപ്പോൻ,
ജനരംജനപടു,വാശ്രിതരക്ഷക-
നനിശം, ഗംഭീരാശയനത്രേ.

22. ആയതനേത്രേ, അന്യന്നൃപന്മാ-
രായിരമായിരമുണ്ടെന്നാലും
രാജന്വതിയായ്ത്തീന്നതുഭൂവീ-
രാജേശ്വരനാലെന്നരചെയ്‌വൂ;
നക്ഷത്രഗ്രഹതാരങ്ങളുമു-
ണ്ടക്ഷയശോഭയൊടെന്നാകിലുമേ
മതിമുഖി, മതിയാൽ മാത്രമതല്ലീ
ജ്യോതിഷ്മതിയാകുന്നതു രജനീ?

23. അദ്ധ്വരമനവധി തുടരെച്ചെയ്തി-
ച്ചിദ്ധരണീപതിയിന്ദ്രനെ നിയതം
മന്ത്രംചൊല്ലി വിളിക്കുകമൂലം
സുന്ദരി, ശചിയുടെ പാണ്ഡുകപോലം
സുരപാദപസുമമണിയാതൊട്ടായ്
കുറുനിര നീണ്ടുകിടന്നീടുന്നു!

24. വരണാൎഹൻ പുനരീന്നൃപനയി, തേ
വരണം ചെയ്യണമെന്നുണ്ടെങ്കിൽ
പതിയൊടുമൊത്തു പുരം പൂകുമ്പോൾ
മതിമുഖി, മാളിക ജന്നലിലൂടെ
നോക്കുംപുഷ്പപുരാംഗനമാൎക്കൊരു
നേത്രോത്സവമായ്ത്തീരുക നീയും”.

25. ഇത്തരമവളുരചെയ്തതുകേട്ട-
ങ്ങുത്തരമുരിയാടാതാത്തനപി

ഒന്നാന്നൃപനെയവേക്ഷിച്ചുടനെ
നന്നായ്ക്കുറുക തൊട്ടുത്തു ചമച്ചൊരു
ഗുഢപുഷ്പോജ്ജ്വലമാലയെയല്പം
താഴ്ത്തി,ബ്ഭാവവിഹീനം വന്ദി,-
ച്ചവനൊടെഴും നിജവിരസതകാട്ടി.

26. അവളെപ്പുനരത്തവണക്കാരിയൊ-
രപരമഹീപതി തൻ നികടത്തിൽ
മാനസമഹിതമരാളിയെ മരുദു-
ല്ലോലിതമാകിയ കൊച്ചുതരംഗം
മറെറാരു താമരമലരിന്നരികെ
തെറെറന്നൊന്നു കണക്കേ നയിച്ചാൾ.

27. ഉരചെയ്താളവ,ളവളൊട്ടു വീണ്ടും :
"വരതനു, കാണുകിതംഗമഹീശൻ,
സുരവരനാരീപ്രാർത്ഥിതയൌവന-
നര,മിനിയത്രയുമല്ല കഥിക്കാം :
ഗജതന്ത്രജ്ഞത മഹേഷ്വീശ്വരരാൽ
ദിഗ്ഗജനിരയെയടക്കിച്ചവനാം;
സുന്ദരി,യേവം ഭ്രഗതനെങ്കില്യ-
മൈന്ദ്രം പദമീന്നൃപതി ഭജിപ്പൂ.

28. അരിനൃപസുന്ദരിമാരുടെ മുലകളി-
ലരിയൊരു മുത്തിൻമണികൾ കണക്കേ
പെരുതാം ബാഷ്പകണങ്ങൾ നിരത്തി-
ച്ചൊരുനൃപനിവനാ മാലകൾ മാററി
ചരടില്ലാത്തൊരു മുത്തണിമാലാ-
നിരതാൻ തിരികെയവൎക്കേകി.

29. പണ്ടേ തമ്മിലിണങ്ങാത്തവരാം
തണ്ടാർമകളും വാണിയുമിവനിൽ
ഒന്നിച്ചാണു വസിച്ചീടുന്നതു;
സുന്ദരി! സൂനൃതവാക്കും കാന്തിയു-
മൊന്നിക്കും നീതന്നെയവൎക്കൊരു
മൂന്നാമത്തവളാകേണ്ടുന്നോൾ".

30. എന്നതു കേട്ടാബ്ഭൂപനിൽനിന്നും
കന്യക കണ്ണു തിരിച്ചുരചെയ്തു
ജന്യയൊ,ടയി നീ നടകൊൾകെന്നായ്;
സൌന്ദൎയ്യാദികളില്ലവനെന്നാ-
ല്ലിന്ദുമതിക്കവ വഴിപോൽ കാണ്മാ-
നൊന്നും കഴിവില്ലെന്നതുമല്ല;
ഭിന്നമതല്ലോ ജനരുചി ലോകേ?

31. പിന്നെ ദ്വാരനിയുക്തസുനന്ദയൊ-
രന്യനൃപേന്ദ്രനെ,യരിദുസ്സഹനെ,
കാണേണ്ടവനെക്കാട്ടി,നവോത്ഥിത-
നേണാങ്കനെയെന്നോണമവൾക്കായ്:

32. നന്നായ് നീണ്ട കരങ്ങളുമതുപോൽ
ധന്യേ, വിസ്തൃതമാകിയ മാറും
തനുവൎത്തുളമാം മധ്യവുമാൎന്നീ-
ജ്ജനപതിയോൎക്കവന്തീശ്വരനാം;
ത്വഷ്ടാവങ്ങനെതിരിചക്രത്തിൽ
കഷ്ടപ്പെട്ടു കടഞ്ഞുമിനുക്കിയ
കമലാകരവരനെന്നതുപോലീ-
ക്ഷ്മയുടെനാഥൻ ശോഭിക്കുന്നു.

33. ശക്തികൾ മൂന്നുമിയന്നീനൃപജയ-
യാത്രകളിൽ പുനരശേഷോദ്ധൃതമായ്
ധൂളികളയൽമുടിമന്നന്മാരുടെ
മൌലിമണിപ്രഭമങ്ങിക്കുന്നു.
34. മഹിമയെഴുന്ന മഹാകാളത്തിൽ
മരുവും മതികലചൂടുന്നവനുടെ
അരികിലിരിക്കുകയാലീ നരപതി-
യരിയനിലാവുള്ളിരവുകളെന്നും
വല്ലഭമാരൊടുമൊത്തു ഭുജിക്കു-,
ന്നില്ലീനൃപനസിതേതരപക്ഷം.
35. വരതനു,സിപ്രാഭംഗക്കാറേറ-
ററുരരസമിളകും പൂങ്കാവുകളിൽ
ഈ യുവനൃപനൊടുമൊത്തു രമിപ്പാ-
നായൊരുകൊതി തവ മനമതിലുണ്ടോ ?
36. സ്വമതാംബുജനിരവികസിപ്പിപ്പോൻ,
വിമതച്ചളിയെയുണക്കീടുന്നോൻ,
നിജതേജസ്സാ,ലാവിധമുള്ളാ-
ബ്ഭുജജാതങ്കൽ മനം ചെന്നീലാ
അതിമൃദുലാംഗിയവ,ൾക്കന്നോക്കനി-
ലാമ്പൽപ്പൂവിന്നെന്നകണക്കേ.
37. താമരമലരിന്നകമെന്നതുപോൽ
കോമളകാന്തി കളിക്കുന്നവളെ,
നാന്മുഖലലിതവിധാനപ്പെരുമയെ,
നന്മകളൊക്കെയിണങ്ങും സുദതിയെ,
അവളെപ്പിന്നെയവന്തൃപനരാധിപ-
സവിധേ ചേർത്തു സുനന്ദയുമോതി:

38. “ആയോധനഭുവിയുതകിയ കൈയുക-
ളായിരമുള്ളവനത്രേപോൽ യൂപം
എട്ടൊട്ടുപത്തും ദ്വീപങ്ങളിലും
നാട്ടിയവൻകൃതവീര്യതനൂജൻ,
മററു മഹീപതിമാർക്കില്ലാത്തൊരു
മഹിതം രാജസുനാമമിയന്നോൻ,
ഉണ്ടായിതുപോൽ ‘യോഗി’യൊരാളതു
വണ്ടാർ കേശി,യറിഞ്ഞാലും നീ.
39. ഇരുവകയപരാധങ്ങളെമാത്രം
ഇതരനൃപന്മാരില്ലാതാക്കി;
നരപതിയിവനോ പ്രജകടെയന്തഃ-
കരണമലീമസചിന്തകൾപോലും
ക്രമ്പിൽത്തന്നെ ധനുസ്സോട്ടമവരുടെ
മുമ്പിൽച്ചെന്നിട്ടൊക്കെയകററി.
40. ദേവാധിപനെ ജയിച്ച ദശാസ്യനെ-
യീവീരൻ നിജവില്ലിൻ കയറാൽ
കെട്ടുകമൂലമവൻ നിജകൈയുക-
ളൊട്ടുമനക്കാൻ കഴിവില്ലാതെ,
കാരയിൽ നെടുവീർപ്പോടീനരപതി
കനിയും നാൾവരെയങ്ങുകിടന്നു.
41. ആ മഹിതാശയ വംശോദ്ഭവനാ-
ണീ മതിമാൻ ശ്രുതവൃദ്ധവിധേയൻ,
നാമമിവന്നു പ്രതീപനതെന്നാം;
പൂമകളസ്ഥിരയെന്നാപവാദം
ആശ്രയദോഷം മൂലമിയന്നതു
വിശ്രുതനാമിവനില്ലാതാക്കി.

42. പോരിലിവന്നുണ്ടഗ്നി സഹായം;
പാരം ക്ഷത്രിയജാതിക്കെല്ലാം
മരണതലേട്ടിനരാവായ് ത്തിന്നോരു
രാമപരശ്വധകൊട്ടവായ് ത്തലയെ
ചെങ്ങഴിനീർമലരിതളരുകായേ
ഇങ്ങിവനതിനാൽ കരുതുന്നുള്ളു.

43. മേടകൾ തങ്ങടെ മുകളിൽ കയറി
ക്കൂട്ടം രസമൊട്ട മാഹിഷ്മതിയുടെ
മതിലൊളിയല്ലിടയരഞ്ഞാണാകും
വേണിമോഹന രേവാ നദിയെ
കാണ്മതിനായൊരു കാമം തവ ഹൃദി
പെണ്മണി,യുണ്ടെന്നാലിന്നേരം,
ആയതളജനാമിവനുടെയങ്ക-
ശ്ശ്രീയായ് വാഴ്ക നിത്യം നിയതം"

44. കണ്ടാലേറെ മനോഹരനെങ്കിലു-
മുണ്ടായീലൊരു കൌതുകമവനിൽ
ഭീരുവി,നംബുദബാധയകന്നൊരു
ശാരദപൂർണ്ണകലാനിധിയിങ്കൽ
തീരെക്കമെലിനിയതിനെന്നോണം.

45 എന്നതുകണ്ടു സുനന്ദയുമപ്പോൾ
കന്യയെ,യാചാരാമലവംശ്യൻ,
ജനകകുലത്തിനൊരുത്തമദീപം,
വാനവർ വാഴ്ത്തും കീർത്തിയെഴുന്നോൻ,
ആവിധമുള്ള സുഷേണനരേന്ദ്രൻ
മേവുന്നാവിടമണച്ചുരചെയ്തു:

46. "സുന്ദരി, നീപകുലോദ്ഭവനിീനൃപ-
നന്തരമെന്യേ യാഗം ചെയ്യോൻ;
ബദ്ധവിരോധി മൃഗങ്ങൾ സുശാന്തം
സിദ്ധാശ്രമമതിലെന്നകണക്കേ
ജ്ഞാനാദികളാം ഗുണഗണമഖിലം
മാനിനി,യിവനിലിണങ്ങീടുന്നു.

47. കണ്ണിന്നു കൌതുകമേകും കുളിർമതി-
തന്നുടെയെന്നതുപോലിീനൃപനുടെ
കാന്തികളിപ്പൂ നിജതനുവിങ്കൽ,
കാമിനി,യന്യനസഹ്യതയേകും
ധാമം, പുല്ലുമുളച്ചുള്ളരികുല-
ധാമങ്ങളിലും; ഹന്ത വിചിത്രം!

48. ഇദ്ധരണീവരവാരിവിഹാരേ
ശുദ്ധാന്തസ്തനചന്ദനസംഗാൽ
മധുരയിലെത്തിയുമക്ക്ജെ,ഗംഗാ-
ഭംഗസുസംഗതപോൽശ്ശോഭിപ്പൂ!

49. ഇവനെ യുവാവിനെ, വല്ലഭനാക്കി
ബ്ഭുവനമനോഹരി, നിയ്യും മേലിൽ
പേലവപല്ലവമിടചേരുന്നൊരു
മലരണി മഞ്ജുളമെത്തയിണങ്ങും
ചൈത്രരഥോപമവൃന്ദാവനഭുവി-
യൊത്തു ഭുജിക്കുക യൌവനലക്ഷ്മി.

50. അത്രയുമല്ല, മഴക്കാലത്തായി!
നേത്രാനന്ദമണച്ചു വിളങ്ങും
ഗോവർദ്ധനഗിരി കന്ദരനിരയിൽ
ജീവനകണികകൾ വീണു നനഞ്ഞും

കന്മദമണമതണിഞ്ഞും. കാണ്മൊരു
കല്ലിന്മുകളിലിരുന്നു യഥേഷ്ടം
മത്തമയൂരമനോഹരനൃത്തം
ചിത്തരസത്തൊടും കണ്ടാലും നീ."
51. ചുഴിപോലുത്തമ നാഭിയെഴുന്നവ,-
ളുഴകൊടുമന്യന്നു വധുവാകേണ്ടോൾ,
ആഴിക്കഭിമുഖമൊഴുകും പുഴതൻ
വഴിയതിലങ്ങനെ കാണാസ്സുന്നൊരു
അചലാധിശനെയെന്നാകണക്കാ-
യരചനെയങ്ങു കടന്നു നടന്നു.
52. അംഗദഭുജ,നാ വിമതന്മാരുടെ
ഹുംകൃതിതീർത്ത കലിംഗനരേന്ദ്രൻ
ഹേമാംഗദ,നാന്നൃപനുടെനികടം
കോമളതനുവും പിന്നെയണഞ്ഞാൾ,
അന്നേരം മുഴവമ്പിളിമുഖിയാം
കന്യകതന്നൊടുജന്യയുമോതി:
53. "അലഘുമഹേന്ദ്രമഹീധരസാരം
കലരുന്നീയുവനൃപവരനോർത്താൽ
മഹിതമഹേന്ദ്രമഹോദധികൾക്കും
പതിയാ,ണീനൃപരണയാത്രകളിൽ
ദാനപയസ്സുവമിച്ചിട്ടുന്നൊരു
ദന്തീന്ദ്രാവലിയെന്നൊരു കളവാൽ
മുന്നിൽ നടക്കുകയാണു മഹേന്ദ്രൻ-
തന്നേയെന്നേ തോന്നുകയുള്ളൂ.
54. വില്ലാളികളിലൊരഗ്രിമനാണീ
നല്ല ഭുജങ്ങളെഴുന്ന മഹീശൻ;

ബന്ദീകൃതരിപുലക്ഷ്മീസാഞ്ജന-
ബാഷ്പം തൂകിയ പാടുകൾപോലെ
ഇരുഞ്ഞാൺ കിണമിവനിരുകൈകളിലും
ഉരുമിഴി,യണിയുന്നുണ്ടെന്നോക്ക്.

55. ആരാൽ മാളിക ജന്നാലിലൂടെ
നേരെ കാണുന്നാലകടൽതന്നെ,
യാമാഹതമാം തൂര്യനിനാദ-
സ്തോമം വെന്നൊരു മന്ദ്രധ്വനിയാൽ.
തന്നുടെ സൌധത്തിങ്കലുറങ്ങും
മന്നവനിവനെയുണർത്തീടുന്നു!

56. താലവനത്തിൻ കലകലമാമൊലി
ചേലൊടു ചേരും കടൽവക്കുകളിൽ
അന്യദ്വീപുകളവയിൽ വിളങ്ങും
മാന്യലവംഗപ്പൂക്കളുമേന്തി,
വന്നീടുന്ന മരുത്തുകളാൽ ശ്രമ-
ബിന്ദുക്കളെയൊട്ടില്ലാതാക്കി,
മാനിനി,യിന്നര വീരനൊടും ചേ-
ർന്നാനന്ദിച്ചു കളിച്ചാലും നീ. ”

57. ഹേമാംഗദനുടെ രൂപഗുണത്താൽ
കാമം തോന്നേണ്ടവളാമവളും,
ജന്യയിവണ്ണം കൊതിതോന്നിച്ചും
മന്നവനവനെ വെടിഞ്ഞു നടന്നു;
യോഗ്യതയേറെയടുപ്പിച്ചാലും
ഭാഗ്യവിഹീനനെയിന്ദിരപോലെ.

58. പിന്നെയൊരമരസമാനതയുള്ളോ-
രന്യനെ, നാഗപുരാധീശ്വരനെ,

ജന്യയടുത്താക്കന്യയൊടാദ്യം
'ഒന്നിഹ നന്ദിനി! നോക്കുക'യെന്നാം;
59. പിന്നീടവളുരചെ"യ്തിതു പാണ്ഡ്യൻ,
തുങ്ഗം ഹാരമണിഞ്ഞും ചുമലിൽ,
ഹരിചന്ദനമതുതേച്ചും മാറിൽ,
പരമിവനിങ്ങയി! ശോഭിക്കുന്നു;
പുഴയൊട്ടമിളവെയിൽ ചോപ്പുകയററിയ
താഴ്വരചേരും മാമലപോലെ.
60. വിന്ധ്യമഹാചല തലതാഴ്ത്തിച്ചോൻ,
സിന്ധുവെയങ്ങു കുടിച്ചുവമിച്ചോൻ,
അങ്ങനെയുള്ളൊരഗസ്ത്യമുനീന്ദ്രൻ
തിങ്ങിന മോദാൽ ഹയമേധങ്ങളിൽ
അവഭൃതവിധികൊണ്ടുടലു നനഞ്ഞു-
ള്ളിവനു പുരോഹിതനെന്നോർത്താലും.
61. മുന്നം വാനവപുരിയെ ജയിപ്പാ-
നന്നം വെച്ചൊരു ദശകന്ധരനും
ഖരദൂഷണനിജ സഹജാവാസം
വിരവൊട്ട പൊയ്യോമെന്നാഭയത്താൽ,
അരിയശരം പുരവൈരിയിൽനിന്നും
കരഗതമാക്കിയൊരിവനൊട്ടനേരെ
നല്ലൊരുടമ്പടി ചെയ്തുകഴിഞ്ഞേ
മെല്ലേ യാത്രതിരിച്ചതുമുള്ളൂ.
62. ഉത്തമവംശജനാമീനൃപനാ-
ലൊത്തവിധം പരിണീതയുമായി
ഗുരുതരയായൊരു മഹിയെപ്പോലെ,
വരരത്നാകരമേഖലയാകും

തെക്കൻദിക്കിന്നാവുക നീയിനി
മൈക്കണ്ണീമണി, നല്ലസപത്നി.

63. ഏലക്കൊടികൾ പടൎന്നു പിടിച്ചൊരു
മാലയമരനിര, വെററില വള്ളികൾ
ചേലിൽ പുല്കിന പൂഗസമൂഹം,
നീലതമാലദലത്തുവിരികൾ,
അങ്ങനെയുള്ളൊരു മലയംതന്നിൽ
ഭംഗിയിലെന്നും വിഹരിച്ചാലും.

64. നീലാംബുജനിഭ നീലശരീരൻ,
ലോലാക്ഷീമണി! ഈ നൃപവീരൻ;
ഗോരോചനവരവൎണ്ണമിയന്നു-
ള്ളാരോമൽത്തനുവുടയവൾ നീയും;
വരതനു! നിങ്ങൾക്കുണ്ടാം യോഗം
പരമൊരു കാന്തി വളൎത്തീടട്ടെ,
അന്യോന്യം മുകിൽ മിന്നലുകൾക്ക-
ങ്ങെന്നതുപോലെത്തന്നോ നിയതം."

65. ജന്യയിവണ്ണം ചൊന്നവയൊന്നും
ചെന്നില്ലവളുടെ ഹൃദയത്തിങ്കൽ
അക്ക്വിലോകനമില്ലാഞ്ഞുടയു-
ന്നാബ്ജത്തിൽ ശശികിരണംപോലെ.

66. വല്ലഭവരണോത്സുകയായവൾ നിശി
ചെല്ലുന്നോരു വിളക്കിൻ ശിഖപോൽ
പിന്നിട്ടുള്ള നരാധിപരെല്ലാ-
മൊന്നൊന്നായി വിവൎണ്ണതയാൎന്നു,
നരവരവീഥിയിലുള്ളൊരു മാളിക-
നിരപോലപ്പൊഴുതെന്നേ വേണ്ടു.

67. കന്യകതന്നെയടുത്തൊരുനേരം
മന്നവനജനങ്ങാകുലനായാൻ,
'എന്നെ വരിക്കില്ലെന്നാമോയിവ'-
ളെന്നീവിധമായെങ്കിലുമുടനെ,
അംഗദപദവിസ്ഫുരണം കൊണ്ടതു-
മങ്ങകലഞ്ഞിതു ദക്ഷിണബാഹു.
68. അവയവഭംഗിയശേഷം കലരു-
ന്നാവനെയടുത്തൊരു കന്യയുമപ്പോൾ,
ഇന്നിയൊരന്യമഹീപസമീപേ
ചെന്നീടുകയില്ലെന്നുമുറച്ചു;
വിരിമാവണയും വരിവണ്ടുണ്ടോ
പരമൊരുതരുവിനെ മോഹിക്കുന്നു?
69. ഇന്ദുപ്രഭയെഴ മവളുടെ ഭാവം
മന്നവനജനിലണഞ്ഞതുകാണ്കെ,
മുറയറിയുന്ന സുനന്ദയുമേവം
തിറമൊടു വിവരിച്ചുരചെയ്യുകയായ്:
70. "ഇക്ഷ്വാകുവിനുടെ വംശംതന്നിൽ
ഭൃക്ഷിത്തുകളുടെയഗ്രിമനായി,
കൃതലക്ഷണനായൊരുനൃപനുണ്ടായ്
സതി,യവനറിയുക പേരു കകുത്സ്ഥൻ,
പൃത്ഥ്വീനാഥനവൻെറവഴിക്കാ-
ന്നുത്തരകോസലമന്നവരെല്ലാം
ഉത്തമകാകുത്സ്ഥാഖ്യവഹിപ്പതു,-
മുത്തമയാം നിയ്യറിയണമിതുമേ.
71. വലുതാമെരുതിൽ വടിവായ്ത്തീന്നൊരു
വലരിപു തന്നുടെ പൂഞ്ഞയിലേറി

പശുപതിസമനായ് ത്തിന്നോരവൻ യുധി,
ആശുഗതതിയാലസുരസ്ത്രീകടെ
ഗണ്ഡസ്ഥലികളെയെന്നും പത്രക-
മണ്ഡനമണിയാതാക്കിത്തീർത്തു.

72. പിന്നെത്തന്നുടെ മഹിതാകൃതിയ-
ങ്ങാന്ന മഹേന്ദ്രൻ തന്തിരുവടിയുടെ
അഭ്രഗജത്തെയടിച്ചയവാന്തു-
ള്ളംഗദമംഗദമോട്ടരസ്സംപടി
അർദ്ധാസനമതിലുപവിഷ്ടനമാ-
യിദ്ധരണീപതിയസുരരെ വെന്നോൻ.

73. അവനുടെ കുലമതിലുണ്ടായീപോ-
ലനുപമകീർത്തി 'ദിലീപനരേന്ദ്രൻ'
അനപായദീപമവൻ പുനരെന്തി-
ന്നിന്ദ്രവിരോധമതെന്നോൎക്കയാൽ,
എണ്ണം ന്യൂനതികയ്ക്കാതങ്ങനെ
തൊണ്ണൂറെറാമ്പതിൽ നിർത്തീയാഗം.

74. പാർത്ഥിവനവനന്നുഴിഭരിക്കേ
നർത്തനശാലാവഴിമധ്യത്തിൽ
മത്തകളായിമയങ്ങിയുറങ്ങും
നർത്തകിമാരുടെ പൂഞ്ചേലകളെ
മാരുതദേവൻ പോലുമിളക്കീ-
ലാരതു പിന്നെയഴിക്കാൻ മുതിരും?

75. പുത്രൻ രഘുവാണവനുടെ പദമി-
ന്നാത്രവഹിച്ചീടുന്നതുദാരൻ;
ആശകളം നാലിലുമുള്ള ധനം ഭൂ-
വീശനവൻ സുധി നേടിയതെല്ലാം

വിശ്വജിദഭിധയെഴും യാഗത്തിൽ
നിശ്ശേഷം ബത, ദാനം ചെയ്താൻ,
എന്നതുമൂലം കരകക്കിണ്ടിയ-
തൊന്നേ ഭൂപനു ശേഷിച്ചുള്ളു.

76. അദ്രികൾ കയറിയുമാഴികൾ താണ്ടിയു-
മാപാതാളം പൂകിയുമങ്ങനെ
വിലസുമവൻതൻ കീൎത്തിയതോൎത്താൽ
അരുതൊരുവന്നുമതിത്രയതെന്നൊ-
ന്നരുളുവതിന്നൊന്നറിയുകനീയും.

77. ഇന്ദ്രനു സൂനു ജയന്തൻ പോലേ
വന്നുപിറന്നിതു രഘുവിന്നാജനും,
ദമ്യനവൻ നിജ ധുൎയ്യപിതാവൊടു
സാമ്യമെഴുംപടി വിധിയാംവണ്ണം,
ഭൂമിക്കുള്ള കനത്തൊരുഭാരം
ഭാമിനി, ഹന്ത! വഹിച്ചീടുന്നു.

78. കുലമഴകതുപോൽ യൗവനസമ്പ-
ത്തലമയി, വിനയം തൊട്ടുഗുണങ്ങൾ
നിന്നൊടുസമമുള്ളിവനെ വരിക്കു,
പൊന്നൊടുരത്നമിണങ്ങീടട്ടേ!"

79. ഇത്തരമങ്ങസുനന്ദപറഞ്ഞതു
നിൎത്തി,യനന്തരമരചകുമാരി
നാണവുമൊട്ടു കുറച്ചു, തെളിഞ്ഞൊളി-
പൂണുംനയനം കൊണ്ടുപതുക്കെ,
അജനെവരിച്ചിതു, സംവരണസ്ര-
ക്കതുകൊണ്ടെന്നതുപോലന്നേരം.

80. അവനിൽ യുവാവിലവൾക്കുളവായു-
ള്ളഭിലാഷാമലബന്ധമുരയ്ക്കാൻ
ആളായീലവൾ ശാലീനതയാൽ
ചിലെന്നൊങ്കിലുമായതുമുഴവൻ
പുളകമതെന്നൊരു കളവാൽ കുഞ്ചിത-
ലളിതശിരോരുഹയാളാമവളുടെ,
ഒളിചിതറും തനുഭേദിച്ചങ്ങനെ
തെളിവൊടു വെളിയിൽക്കാണായ്വന്നു.

81. ആവിധമജനിൽ ചിത്തമിണങ്ങിയൊ-
രാവധുവോടവൾ നേരമ്പോക്കായ്
'ആര്യേ, പോകനമുക്കിനി മറെറാരു
വീരനിരിക്കുന്നാവിടയ്ക്കെ'ന്നാൾ;
അതുകേട്ടവളുമസഹ്യതയോടാ-
ച്ചതുരയെ, വക്രതയോടും നോക്കി.

82. ജന്യയ്ക്കുടയൊരു കൈയുകൾകൊണ്ടാ-
കന്യയുമജനുടെ കണ്ഠത്തിങ്കൽ,
മംഗളചൂർണ്ണം തൂവുകമൂലം
പിംഗളവർണ്ണം കലരുംമാല്യം
ഉടൽപൂണ്ടുള്ളനുരാഗംപോലെ
വടിവൊടു തെററാതണിയിപ്പിച്ചാൾ.

83. വരണാർഹൻ പുനരജനും മംഗള-
വരമലർകൊണ്ടു തൊടുത്തതിഭംഗ്യാ
തന്നുടെ വിസ്തൃതമാകിയമാറിൽ
ഞാന്നും കിടക്കും മാല്യംകൊണ്ടേ,
ഭോജസഹോദരി നിജഗളസീമനി
ഭുജലതയർപ്പിച്ചെന്നുനിനച്ചു.

84. "കൊണ്ടലകന്നൊരു ചന്ദ്രൻതന്നൊടു
വേണ്ടുംവണ്ണം ചന്ദ്രികചേൎന്നു;
യോജിപ്പൂടയൊരു വാരിധിതന്നൊടു
ഹാ, ജാഹ്നവിയും സമ്മേളിച്ചു !"
അവിടെസ്സമഗുണയോഗത്താലേ-
യാനന്ദിക്കും പൌരാവലിയുടെ
ഏവം രാജകുലത്തിനശേഷം
ശ്രവണകരോരം വാക്യം കേൾക്കായ്.

85. തോഷിക്കും വരപക്ഷമൊരേടം,
യോഷാലാഭവിശൂന്യമൊരേടം,
ആരാജേശ്വരമണ്ഡലമപ്പോ-
ളാരാൽ നല്ലവിഭാതത്തിങ്കൽ
വിരിതാമരകളുമടയും കുവലയ-
നിരയും ചേരും കുളമതുപോലായ്.

കാളിദാസകവിവര്യനിൎമ്മിതം
കാവ്യഭാഗമിതു ഭാഷയാക്കി ഞാൻ
കാഴ്ചവയ്പു ഗുരുദേവനുള്ളൊരാ
കാൽക്കലിന്നു കുനിയും ശിരസ്സൊടും.

ടിപ്പണി.

1. വൈമാനികർ=വിമാനത്തിലിരിക്കുന്നവർ.

2. രതി=മന്മഥൻെറ ഭാര്യ. അനുനയവചനം=നല്ല വാക്ക്. ഇന്ദുമതിക്കൊതി=ഇന്ദുമതിയിലുള്ള ആഗ്രഹം.

3. മന്നൻ=(വിദർഭ)രാജാവ്.

4. ഗുഹൻ=സുബ്രഹ്മണ്യൻ (സ്വസൈന്യത്തെ ഗുഹനം ചെയ്തു രക്ഷിക്കുന്നവൻ)

5. ചഞ്ചല=മിന്നൽ.

6. സുരവര...............രണ്ടാമത്തതു=പാരിജാതം.

8. വന്ദികൾ=സ്തുതിപാഠകന്മാർ. ഇനശശിവംശ്യർ= സൂര്യചന്ദ്രവംശങ്ങളിലെ രാജാക്കന്മാർ.

9. തൂര്യസ്വനം=പെരുമ്പറയുടെ ശബ്ദം.

10. പതിംവര=ഭർത്താവിനെ ഇഷ്ടംപോലെ വരിക്കുന്നവൾ.

11. കന്യാമയം=കന്യകാസ്വരൂപം. ഒന്നായുള്ളശരവ്യം= ഒരേ ലക്ഷ്യം. വിധിവിരുത്=ബ്രഹ്മാവിൻെറ സൃഷ്ടിസാമർത്ഥ്യം.

12. പ്രേമനിവേദനദൂതികളാദ്യകൾ കാമവിചേഷ്ടകൾ : ഇവിടെ രാജാക്കന്മാരുടെ ശൃംഗാരചേഷ്ടകളെ, ഇന്ദുമതിയോട്ട് അവരുടെ പ്രേമസന്ദേശം അറിയിക്കുന്നതിന്നുള്ള ആദ്യത്തെ ദൂതികളായി കല്പിച്ചിരിക്കുന്നു.

13. ലോലദലാഹതി=ഇളകുന്ന ഇതളുകൾകൊണ്ടുള്ള അടി.

14. മണിയണികേയൂരം=രത്നങ്ങൾപതിച്ചിട്ടുള്ളതോൾവള.

18. ധ്വജരേഖാങ്കിതം=ധ്വജരേഖയുള്ളത്. ഇതു് മഹാധനികതയെ സൂചിപ്പിക്കുന്നു. “മകരധ്വജഗോഷ്ഠാഗാരസന്നിഭാഭിർമ്മഹാധനോപേതാഃ” എന്നു വരാഹമിഹിരൻ.

20. ആണിൻധീരത=പുരുഷനൊത്ത പ്രാഗത്ഭ്യം.

21. സാർത്ഥപരന്തപനാമം=അർത്ഥവത്തായ പരന്തപൻ— ശത്രുക്കളെ തപിപ്പിക്കുന്നവൻ—എന്ന പേരു്.

22. രാജന്വതി = നല്ല രാജാവോടുകൂടിയത്. നക്ഷത്രഗ്രഹതാരങ്ങൾ = അശ്വതി മുതലായവയും, ചൊവ്വ, ശുക്രൻ മുതലായവയും, സാധാരണജ്യോതിസ്സുകളും. ജ്യോതിഷ്മതി = നിലാവോടുകൂടിയത്. (ചന്ദ്രനുള്ള രാത്രിയെ മാത്രമേ ജ്യോതിഷ്മതി എന്നു പറയാറുള്ളു.) രജനി = രാത്രി.

23. അധ്വരം = യാഗം. (സ്വൎഗ്ഗമാൎഗ്ഗം തുറന്നു തരുന്നതു്) നിയതം = പതിവായി. പാണ്ഡുകപോലം = വിളൎത്ത കവിൾത്തടം. സുരപാദപ............കിടന്നീടുന്നു: ശചീദേവിക്ക് എന്നും വിരഹമേയുള്ളു എന്നു താൽപര്യം.

24. പുഷ്പപുരാംഗനമാർ = പാടലീപുത്രത്തിലെ സ്ത്രീകൾ. നേത്രോത്സവം = കണ്ണുകൾക്ക് ആനന്ദം. ലോകോത്തരസുന്ദരികളായ അവൎക്കുകൂടി ആനന്ദം ജനിപ്പിക്കത്തക്കവണ്ണം അഴകുററവളാണ് ഇന്ദുമതി എന്നു താൽപര്യം.

25. അവേക്ഷിച്ചു് = ഒന്നു നോക്കുകമാത്രംചെയ്തു്. ശുദ്ധപുഷ്പോജ്ജ്വലമാല = തിളങ്ങുന്ന ഇരിപ്പപ്പൂമാല. ഭാവവിഹീനം = വരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു വെളിവാകത്തക്കവണ്ണം.

26. മാനസമഹിതമരാളി = മാനസസരസ്സിലെ മാനിക്കത്തക്ക അരയന്നപ്പിട. മരുദുല്ലോളിതമാകിയ കൊച്ചുതരംഗം = കാററുയൎത്തിയ കൊച്ചല.

27. സുര..............യൗവനൻ = ദേവസുന്ദരികൾപോലും കൊതിച്ച താരുണ്യസമ്പത്തോടുകൂടിയവൻ. അങ്ങനെ ഒരു ഐതിഹ്യമുണ്ടു്: ഒരിക്കൽ ഇന്ദ്രനെ സഹായിക്കാൻ അംഗരാജാവ് സ്വൎഗ്ഗത്തിൽ ചെന്നിരുന്നു. അന്ന് അദ്ദേഹത്തിൻെറ സൌഭാഗ്യവും മററും കണ്ടു് ദേവസുന്ദരികൾ വല്ലാതെ ഭ്രമിച്ചുപോയി. ഗജതന്ത്രജ്ഞമഹൎഷീശ്വരർ = ഗജശാസ്ത്രമുണ്ടാക്കിയ പാലകൻ മുതലായ ദേവൎഷിശ്രേഷ്ഠന്മാർ.

ഒരു ശാപം നിമിത്തം ഭൂമിയിൽ വന്നുചേൎന്ന ദിഗ്ഗജങ്ങൾ തോന്നിയതുപോലെ പല നാശങ്ങളും ചെയ്തുതുടങ്ങി. അംഗ

രാജാവിന്നു് അവയെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഇന്ദ്രനെ വിവരം ഗ്രഹിപ്പിച്ചു. ഉടനെ ദേവരാജൻെറ കല്പന യനുസരിച്ചു് പാലകാദിദേഷിമാർ ഭൂമിയിൽ വന്നു് അവയെ പിടിച്ചുകെട്ടുകയും ചെയ്തു. ആ മഹഷിമാരാണു് ഹസ്തിശാസ്ത്രം നിമ്മിച്ചതു്. അന്നുതൊട്ടു ഗജശാസ്ത്രം ഭൂമിയിൽ നടപ്പാവുകയും ചെയ്തു.

28. ശത്രുസ്ത്രീകളുടെ മാറിടത്തിൽനിന്നു് മുത്തുമാലകളെ അഴിപ്പിച്ച ഇദ്ദേഹംതന്നെ അവക്കു് അവയെ തിരിച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ, മുത്തുമണികളുടെ സ്ഥാനത്തു് മുഴുത്ത കണ്ണീർക്കണങ്ങളാണെന്നുമാത്രം; ചരടൊട്ടില്ലതാനും! വിധവകളാക്കപ്പെട്ട അവരുടെ മുലത്തടങ്ങളിൽ സന്താപോഷ്മളമായ കണ്ണീർക്കണങ്ങൾ ഇററിററു വീണു എന്നു സാരം.

29. സൂനൃതവാക്കു് = സത്യവും പ്രിയവുമായ വാക്കു്. കാന്തി=ശ്രീ. പൊരുത്തമൊത്ത നിങ്ങളുടെ ദാമ്പത്യം ഏററവും യുക്തമായിരിക്കും എന്നു താൽപര്യം.

30. ജന്യ=ഭൃത്യ (സുനന്ദ) ആഗ്രഹിക്കത്തക്ക ഗുണം അംഗരാജാവിനും, അതു വേണ്ടപോലെ കാണാനുള്ള കണ്ണു് ഇന്ദുമതിക്കും ഇല്ലായ്കയല്ല, അദ്ദേഹത്തോടു് അനാസ്ഥയ്ക്കു കാരണം. മന്നിൽ............ല്ലോ = ലോകത്തിൽ ഓരോരുത്തരുടേയും പോക്കു ഓരോ വിധത്തിലാണല്ലോ.

31. നവോത്ഥിതനേണാങ്കൻ = പുതുതായി ഉദിച്ചുയരുന്ന ചന്ദ്രൻ.

32. തനുവൃത്തം=മെലിഞ്ഞുരുണ്ടതു്. ത്വഷ്ടാവു്=വിശ്വകമ്മാവു്. (സൂര്യപത്നിയായ ഛായ ത്വഷ്ടാവിൻെറ മകളാണു്. ഭത്താവിൻെറ തേജോവേഗം സഹിക്കാതെ വിഷമിക്കുന്ന മകളുടെ ആവലാതിയനുസരിച്ചു് ത്വഷ്ടാവു്, സ്വജാമാതാവിനെ—സൂര്യനെ—യന്ത്രത്തിലിട്ടു് കടഞ്ഞു മയപ്പെടുത്തിയതായി ഒരിതിഹാസകഥയുണ്ടു്.) കമലാകരവരൻ=സൂര്യൻ. ക്ഷ്മ=ഭൂമി.

KOTTAYAM PUBLIC LIBRARY 70685

33. ശക്തികൾ=പ്രഭുശക്തി, ഉത്സാഹശക്തി, മന്ത്രശക്തി ഇവ. അശ്വോദ്ധൃതം=കുതിരകൾ നടന്നു പറപ്പിച്ചത്. പ്രഭുശക്തിയുടെ ചെറിയൊരംശത്തിന്നുതന്നെ ഇത്രയും വീര്യമുണ്ടെങ്കിൽ, പിന്നത്തെ രണ്ടും കൂടി ചേൎന്നാലത്തെ കഥയെന്തായിരിക്കും !

34. മഹാകാളം=ഉജ്ജയിനിയിലെ ഒരു ക്ഷേത്രം. സിതേതരപക്ഷം=കറുത്തപക്ഷം. ശിവന്റെ ശിരോലങ്കാരമായ ചന്ദ്രക്കലയുടെ സാന്നിധ്യമാണ്, അവിടെ കറുത്തപക്ഷമില്ലാതിരിക്കാൻ കാരണം.

35. സിപ്രാഭംഗക്കാററ്=സിപ്രാനദിയിലെ അലകളിൽ നിന്നു പുറപ്പെടുന്ന കാററ്.

36. സ്വമതാംബുജനിര=തന്റെ ബന്ധുക്കളാകുന്ന താമരപ്പൂക്കൾ. വിമതച്ചളി=ശത്രുക്കളാകുന്ന ചളി. തേജസ്സ്=പ്രതാപം. ഭുജജാതൻ=രാജാവ്. (ക്ഷത്രിയൻ)

37. നാന്മുഖലളിതവിധാനപ്പെരുമ=ബ്രഹ്മാവിന്റെ കോമളസൃഷ്ടിസാമൎത്ഥ്യത്തിന്റെ പാരമ്യം. സുദതി=സുന്ദരി (നല്ല പല്ലുള്ളവൾ) അനൂപനരാധിപൻ=അനൂപദേശത്തെ രാജാവ്.

38. ആയോധനഭുവിയുതകിയകൈയുകളായിരം = യുദ്ധസമയത്തുമാത്രം ഉപകരിക്കുന്ന ആയിരം കൈയുകൾ. ഇതു ദത്താത്രേയനിൽനിന്നു കിട്ടിയ ഒരു വരമാണ്. മററു സമയങ്ങളിൽ കൈയ് രണ്ടുതന്നെ. യൂപം=യജ്ഞസ്തംഭം. എട്ടൊടു പത്തും ദ്വീപങ്ങളിലും=പതിനെട്ടു ദ്വീപുകളിലും. കൃതവീര്യതനൂജൻ=കാൎത്തവീര്യൻ. രാജസുനാമം=രാജാവ് എന്ന നല്ല പേരു്. ജരായുജാദി സൎവ്വഭൂതങ്ങളേയും രംജിപ്പിച്ചതുകൊണ്ടാണ് ഇദ്ദേഹത്തിന്റെ 'മഹിതം രാജസുനാമം' മററു മഹീപതിമാൎക്കില്ലാത്തതാണെന്നു പറഞ്ഞത്. യോഗി=ബ്രഹ്മജ്ഞാനി.

39. ഇരുവകയപരാധങ്ങൾ=വാക്കുകൊണ്ടും ശരീരംകൊണ്ടുമുള്ള കുററങ്ങൾ. അന്തഃകരണമലീമസചിന്തകൾ=മനസ്സിലെ ദുഷ്ടവിചാരങ്ങൾ.

40. കാര = കാരാഗൃഹം.

41. ശ്രുതവൃദ്ധവിധേയൻ=ആഗമങ്ങളേയും വൃദ്ധന്മാരേയും ബഹുമാനിക്കുന്നവൻ, വലിയ ശാസ്ത്രജ്ഞന്മാരെ ആദരിക്കുന്നവൻ എന്നും. പൂമക.............ല്ലാതാക്കി : ശ്രീ ഭഗവതിക്ക് ഒരപവാദമുണ്ടല്ലോ, ഒരു സ്ഥിരതയില്ലാത്തവളാണ് എന്ന്. വാസ്തവത്തിൽ അതവളുടെ ദോഷമല്ല, അവൾക്കാശ്രയമായ ആ വ്യക്തിയുടേതാണ്. ഇതിന്നൊരു ദൃഷ്ടാന്തമാണ് കീർത്തിമാനായ പ്രതീപൻ.

42. മരണതലേട്ടിനരാവ് = കാള(സംഹാര)രാത്രി. രാമപരശ്വധകൊടുവായ്ത്തല=പരശുരാമൻെറ വെണ്മഴുവിൻെറ ഭയങ്കരമായ വായ്ത്തല. ഇദ്ദേഹത്തിന്നു അഗ്നിദേവനിൽനിന്ന് ഒരു വരം സിദ്ധിച്ചിട്ടുണ്ട്, ശത്രുക്കൾ ആക്രമിക്കുവാൻ വരുമ്പോൾ അവരെ താൻതന്നെ ദഹിപ്പിച്ചുകൊള്ളാമെന്ന്. അതാണ്, ക്ഷത്രിയകുലാന്തകനായ പരശുരാമൻെറ വെണ്മഴുപോലും അത്ര നിസ്സാരമായിത്തീന്നത്.

43. മേടകൾതങ്ങടെ=മാളികകളുടെ. മാഹിഷ്മതി=പ്രതീപൻെറ രാജധാനി. മതിലൊളി........രേവാനദി=കോട്ടമതിലാകുന്ന കാന്തിചിന്നുന്ന നിതംബബിംബത്തിന്ന് അരഞ്ഞാണംപോലിരിക്കുന്നതും പ്രവാഹംകൊണ്ടു കൺ കവരുന്നതുമായ നമ്മദ. അങ്കശ്രീയായ്=മടിയിൽ ഒരു ലക്ഷ്മീദേവിയായി. അദ്ദേഹം വിഷ്ണുതുല്യനാണെന്നു ധ്വനി.

44. ഭീരു = സുന്ദരി. അംബുദബാധ = മേഘാവരണം. ശാരദപൂർണ്ണകലാനിധി=ശരൽക്കാലത്തിലെ പൂർണ്ണചന്ദ്രൻ. കമലിനി=താമരപ്പൊയ്ക.

45. ആചാരാമലവംശ്യൻ=സദാചാരങ്ങൾകൊണ്ടു കളങ്കമററ കുലത്തിൽ ജനിച്ചവൻ. ജനകകുലം=മാതൃപിതൃവംശം.

46. ബദ്ധവിരോധിമൃഗങ്ങൾ=ജനനാൽത്തന്നെ വൈരികളായ ആന, സിംഹം മുതലായ ജന്തുക്കൾ. സുശാന്തം=നല്ല ശമഗുണമുള്ളത് (പ്രസന്നം). സിദ്ധാശ്രമം=ഋഷികളുടെ ആശ്രമം.

ജ്ഞാനാദികൾ=ജ്ഞാനം മൌനം മുതലായവ. ഈ ഗുണങ്ങൾ, ഗജസിംഹാദികളെപ്പോലെ അന്യോന്യം വിരോധികളാണല്ലൊ. അവയും ഈ ഗുണവാനിൽ ഇണങ്ങി വൎത്തിക്കുന്നു. "ജ്ഞാനേ മൌനം........" എന്ന ഒന്നാം സൎഗ്ഗത്തിലെ ശ്ലോകം സ്മരിക്കുക.

47. ധാമം=തേജസ്സ്. പുല്ലു............ധാമങ്ങൾ=ശത്രുക്കളുടെ നശിച്ച ഗൃഹങ്ങൾ. 'കാന്തികളിപ്പു നിജപുരിയിങ്കൽ' എന്നു പാഠാന്തരം.

48. ....വാരിവിഹാരേ = ജലക്രീഡാവസരങ്ങളിൽ. ശുദ്ധാ........സംഗാൽ=അന്തഃപുരസ്ത്രീകളുടെ മുലകളിൽ പൂശിയ ചന്ദനം കലങ്ങുകയാൽ. അൎക്കജ=കാളിന്ദി. ഗംഗാഭംഗസുസംഗതപോൽ=ഗംഗയിലെ അലകളോടിണങ്ങിയതുപോലെ. കാളിന്ദി, പ്രയാഗത്തിൽനിന്നു് വളരെ അകലെക്കിടക്കുന്ന മഥുരയിൽ എത്തിയിട്ടും വെൺചന്ദനസംസൎഗ്ഗംനിമിത്തം ഗംഗാതരംഗങ്ങളോടിടകലൎന്നതുപോലെ ശോഭിക്കുന്നു എന്നു താൽപര്യം.

49. ഇവനെ യുവാവിനെ=തരുണനായ ഈ സുഷേണനെ. ചൈത്രരഥോപമവൃന്ദാവനം=കുബേരോദ്യാനത്തോടു തുല്യവും വൃന്ദാവനം എന്നു പേരുള്ളതുമായ ഇദ്ദേഹത്തിൻെറ ഉദ്യാനം. യൌവനലക്ഷ്മി=യൌവനഫലം.

50. ഗോവ........നിര=ഗോവൎദ്ധനപൎവ്വതത്തിൻെറ ഗുഹകൾ. (കന്ദരം=ജലപാതംകൊണ്ടു പിളൎന്നുണ്ടായതു്). ജീവനകണികകൾ=നീൎത്തുള്ളികൾ.

51. ചുഴി........നാഭിയെഴുന്നവൾ: ഇതു സ്ത്രീകളുടെ ശുഭലക്ഷണങ്ങളിൽ ഒന്നാണു്. "നാഭിൎഗ്ഗംഭീരാ വിപുലാംഗനാനാം– പ്രദക്ഷിണാവൎത്തഗതാ പ്രശസ്താ" (വ. മി.)

52. അംഗദഭുജൻ = തോൾവളകളിട്ട കൈകളോടുകൂടിയവൻ. വിമതന്മാർ=ശത്രുക്കൾ.

53. അലഘുമഹേന്ദ്രമഹീധരസാരം = മഹേന്ദ്രപൎവ്വതത്തിനൊത്ത നല്ല കരുത്തു്. മഹിതമഹേന്ദ്രമഹോദധികൾ=മാന്യമായ

മഹേന്ദ്രപർവ്വതവും മഹോദധിയും. മഹേന്ദ്രമഹോദധികൾതന്നേയാണ് ഇദ്ദേഹത്തിന്റെ ഗിരിജലദുർഗ്ഗങ്ങൾ എന്നു ഭാവം. ദാനപയസ്സ്=മദജലം. ദന്തീന്ദ്രാവലി=ആനത്തലവന്മാർ. ഈ കലിംഗരാജാവിന്ന് അത്ര്യയും വലിയ കൊമ്പന്മാരുണ്ട്. യുദ്ധയാത്രകളിൽ, മദജലമൊഴുക്കിക്കൊണ്ട് അകമ്പടി സേവിക്കുന്ന അവയിൽ ഓരോന്നും ഓരോ മഹേന്ദ്രപർവ്വതമാണോ എന്നുതന്നെ തോന്നിപ്പോകും !

54. ബന്ദീകൃത........ബാഷ്പം=പിടിക്കപ്പെട്ട ശത്രുസമ്പദ്ദേവതകളുടെ മഷികലൎന്ന കണ്ണീര്. കുരുമിഴി=മാൻകണ്ണി !

55. യാമാഹതം=ഓരോ യാമത്തിന്റേയും—ഏഴരനാഴികയുടേയും—അവസാനത്തിൽ അടിക്കുന്നത്. മന്ദ്രധ്വനി=ഗംഭീരമായ ശബ്ദം. സമുദ്രത്താൽപ്പോലും സേവ്യനാണ് ഹേമാംഗദൻ എന്നു ഭാവം.

56. താലവനം=പനങ്കാട്.

57. യോഗ്യത........ഇന്ദിരപോലെ=പൗരുഷംകൊണ്ട് ഒട്ടുമുക്കാലും അടുപ്പിക്കാൻ ശ്രമിച്ചാലും, ഭാഗ്യമില്ലാത്തവനുണ്ടോ ഐശ്വര്യദേവത സ്വാധീനമാകുന്നു ?

59. 'ഉരചെയ്തു ഇതു' എന്നു പാഠഭേദം. ഹരിചന്ദനം=രക്തചന്ദനം. പുഴയൊടു........പോലെ=പുഴയൊഴുകുന്നതും ഇളവെയിൽകൊണ്ടു ചെമന്നതുമായ താഴ്വരയോടുകൂടിയ വലിയ പർവ്വതംപോലെ.

60. സൂര്യഗതിയെ തടയത്തക്കവണ്ണം ഉയൎന്നുതുടങ്ങിയ വിന്ധ്യനെ അഗസ്ത്യൻ താഴ്ത്തിയതായും, സമുദ്രജലം മുഴുവൻ കുടിച്ചു പുറത്തേക്കു വിട്ടതായും പറയപ്പെടുന്നുണ്ടല്ലോ. അങ്ങനെ എന്തിനും പോന്ന ആ മഹൎഷിശ്രേഷ്ഠനാണ് അശ്വമേധയാഗങ്ങളിൽ ഈ പാണ്ഡ്യരാജാവിന്നു പുരോഹിതൻ. അവഭൃതം=യാഗാവസാനത്തിലെ സ്നാനം.

61. ഖരദൂഷണനിജസഹജാവാസം=തന്റെ സഹോദരന്മാരായ ഖരദൂഷണന്മാരുടെ വാസസ്ഥലമായ ജനസ്ഥാനം. അരിയ=ദുർല്ലഭമായ (മഹത്വമേറിയ). ശരം=ബ്രഹ്മശിരസ്സ് എന്ന അസ്ത്രം. ഇന്ദ്രനെ ജയിച്ച രാവണനുപോലും പാണ്ഡ്യനെ ഭയമാണെന്നു താൽപര്യം.

62. വരരത്നാകരമേഖല=വിലയുററ രത്നങ്ങളുള്ള സമുദ്രമാകുന്ന അരഞ്ഞാണോടുകൂടിയതു്. തെക്കൻ..............സപത്നി ദക്ഷിണദിക്കിന്നധിപനായ പാണ്ഡ്യരാജാവിനെ നീ വരിക്കുക എന്നു താൽപര്യം.

63. മാലയമരനിര = ചന്ദനമരങ്ങൾ. പൂഗസമൂഹം = കവുങ്ങുകൾ. നീലതമാലദലത്തുവിരികൾ=നീലനിറമുള്ള പച്ചില മരങ്ങളുടെ ഇലകളാകുന്ന നല്ല വിരിപ്പുകൾ.

64. നീലാംബുജനിഭനീലശരീരൻ = കരിങ്കുവളംപോലെ കറുത്ത ദേഹത്തോടുകൂടിയവൻ. ഗോരോചനവരവർണ്ണം=നല്ല പൊൻനിറം. ആരോമൽത്തനു=സുകുമാരമായ ശരീരം. യോഗം= ചേർച്ച.

66. വല്ലഭവരണോത്സുക=ഭർത്താവിനെ വരിക്കാൻ ഉദ്യമിക്കുന്നവൾ. നിശി=രാവിൽ. ചെല്ലുന്നോരു=സഞ്ചരിക്കുന്ന. ശിഖ=നാളം. വിവർണ്ണത=തെളിവില്ലായ്മ (മങ്ങൽ). നരവരവീഥി=രാജവീഥി.

67. ആകുലൻ=അസ്വസ്ഥൻ. അംഗദപദവിസ്ഫുരണം= തോൾവളയിടുന്ന സ്ഥാനത്തുണ്ടായ തുടിക്കൽ. ദക്ഷിണബാഹു= വലങ്കയ്യ്. പുരുഷന്മാർക്കു വലങ്കയ്യ് തുടിക്കുന്നതു് വിവാഹത്തെ സൂചിപ്പിക്കുന്ന ലക്ഷണമാണ്: "വാമേതരകരസ്പന്ദോ വരസ്ത്രീലാഭസൂചകഃ" "ശാന്തമിദമാശ്രമപദം........സർവ്വത്ര" എന്ന ശാകുന്തളപദ്യവും സ്മരിക്കുക.

68. വിരിമാവ്=പൂവിരിഞ്ഞുനില്ക്കുന്ന തേന്മാവ്.

69. മുറ=ക്രമം. തിറം=സാമർത്ഥ്യം.

70. ഭൂക്ഷിത്തുകാം=രാജാക്കന്മാർ. കൃതലക്ഷണൻ=പ്രസിദ്ധഗുണങ്ങളോടുകൂടിയവൻ. ഉത്തരകോസലമന്നവർ=അയോദ്ധ്യയിലെ രാജാക്കന്മാർ. കാകുൽസ്ഥാഖ്യ=കാകുൽസ്ഥൻ എന്ന പേര്.

പണ്ടു സൂര്യവംശത്തിൽ വിഷ്ണുവിൻെറ അംശാവതാരമായി പുരഞ്ജയൻ എന്നൊരു രാജാവുണ്ടായിരുന്നു. ദേവന്മാരുടെ അപേക്ഷയനുസരിച്ച് അസുരജയത്തിനു പുറപ്പെട്ട അദ്ദേഹം, കാളയുടെ രൂപമെടുത്ത ഇന്ദ്രൻെറ പൂഞ്ഞയിൽ കയറിയിരുന്നുകൊണ്ടാണ് യുദ്ധം ചെയ്തതു്. അന്നുതൊട്ടു് ആ രാജാവിന്ന് കകുൽസ്ഥൻ—പൂഞ്ഞയിൽ സ്ഥിതിചെയ്തവൻ—എന്ന പേരുണ്ടായി. അങ്ങനെ ആ വംശത്തിലുള്ളവരെല്ലാം കാകുൽസ്ഥന്മാരായിത്തീരുകയും ചെയ്തു. ഈ സംഗതി അടുത്ത വരികളിൽനിന്നു വിശദമാവും.

71. എരുതിൻ വടിവ്=കാളയുടെ രൂപം. വലരിപു=ഇന്ദ്രൻ. പശുപതിസമൻ=ശിവതുല്യൻ. (പശുപതി: സർവ്വപ്രാണികളുടേയും നാഥൻ.) "തിര്യ്യഗ്യോനൗ പശുഃപ്രോക്തസ്സർവ്വപ്രാണിഷു പുംസ്യയം" യുധി=യുദ്ധത്തിൽ. ആശുഗതതി=അസ്ത്രനിര. ഗണ്ഡസ്ഥലികാം=കവിൾത്തടങ്ങൾ. പത്രകമണ്ഡനം=പത്തിക്കീററണി. അസുരസ്ത്രീകളെ വിധവകളാക്കിത്തീർത്തു എന്നു താൽപര്യം.

72. അഭ്രഗജം=ഐരാവതം. ഉപവിഷ്ടൻ=ഇരുത്തപ്പെട്ടവൻ. അത്യന്തം കൃതജ്ഞനായ ഇന്ദ്രൻ തൻെറ സിംഹാസനത്തിൻെറ ഒരുവശത്തുതന്നെ തോളോടുതോളുരുമ്മത്തക്കവണ്ണം അസുരവിജയിയായ ആ രാജശ്രേഷ്ഠനേയും പിടിച്ചിരുത്തി.

73. അനാപയദീപം=വംശത്തിന്നൊരു വിളക്ക്. ദിലീപൻ, ഇന്ദ്രന്ന് എന്തിന്ന് അസൂയയുണ്ടാകുന്നു എന്നു കരുതിയാണ്, അല്ലാതെ കഴിവില്ലാഞ്ഞിട്ടല്ല, യാഗങ്ങളുടെ എണ്ണം നൂറാക്കാഞ്ഞതു്.

75. ആശകാം=ദിക്കുകാം. സുധി=വഴിപോലെ ഈശ്വരധ്യാനം ചെയ്യുന്നവൻ, നല്ല ബുദ്ധിയുള്ളവൻ. വിശ്വ........ക്രതു=വിശ്വജിത്ത് എന്ന യാഗം.

76. ആപാതാളം=പാതാളംവരെ.

77. സൂനു = മകൻ. ദമ്യൻ = ശിക്ഷിക്കപ്പെടേണ്ടവൻ. (തഴക്കം വന്നിട്ടില്ലാത്തവൻ). ധുര്യപിതാവു്=ഭാരം വഹിച്ചു ശീലിച്ച അച്ഛൻ.

ദമ്യൻ കുടിവററിയ കാളക്കുട്ടിയും, ധുര്യൻ ഭാരം വഹിക്കുന്ന കാളയുമാണു്.

79. സംവരണസ്രക്=വരണമാല.

80. ശാലീനത=അധൃഷ്ടത, ലജ്ജ. ചീളെന്നു്=പെട്ടെന്നു്. ആയതു്, അഭിലാഷബന്ധം. പുളകം=രോമാഞ്ചം. കുഞ്ചിത ലളിതശിരോരുഹയാൾ=ചുരുണ്ടു ഭംഗിയുള്ള തലമുടിയോടുകൂടിയവൾ. ഇതും ഭാഗ്യലക്ഷണങ്ങളിൽ ഒന്നാണു്. "സ്നിഗ്ധതീവ്രമൃദുകുഞ്ചിതൈകജാ-മൂർദ്ധജാസ്സുഖകരാസ്സമംശിരഃ" (വ. മി.)

81. വക്രത=കുടിലത. 'ഹൃദയം പതപതയ്ക്കുന്ന ഈ സന്ദർഭത്തിൽ ഇതാണോ നീ പറയേണ്ടതു്' എന്നു ചോദിക്കുന്നമട്ടിൽ രൂക്ഷമായി ഒന്നു നോക്കി എന്നു ഭാവം.

82. പിംഗളവർണ്ണം=മഞ്ഞനിറം. തെററാതെ=ശരിയായ സ്ഥാനത്തു്. അപ്പോൾ സാത്വികഭാവങ്ങളിൽ ഒന്നായ വേപഥു ഇന്ദുമതിക്കു് ഉണ്ടായി; അതാണു് മാല അസ്ഥാനത്താവാതിരിക്കാൻ സുനന്ദയുടെ സഹായം വേണ്ടിവന്നതു്.

84. കൊണ്ടൽ=മേഘം. ജാഹ്നവി=ഗംഗ.

85. വരപക്ഷം=മണവാളന്റെ ആൾക്കാർ. യോഷാലാഭവിശൂന്യം=കന്യകയെ ലഭിക്കാഞ്ഞതുകൊണ്ടു് മങ്ങിയതു്. രാജേശ്വരമണ്ഡലം=രാജസദസ്സു്. വിരിതാമരകൾ=വിടന്ന താമരപ്പൂക്കൾ.

"നഹി കല്യാണകൃത് കശ്ചി-
ദ്ദുർഗ്ഗതിം താത! ഗച്ഛതി."

Printed at
THE SCHOLAR PRESS,
PALGHAT

KOTTAYAM PUBLIC LIBRARY

~~JAWAHAR BAL BHAVAN & CHILDREN'S LIBRARY~~

KOTTAYAM.

Cl. No. MA6 *Acc. No.* 20685

This book should be returned on or before the date last stamped below.

MAG
Mad-9

70685

മാധവമേനോൻ

ഇന്ദുമതി സ്വയംവരം

സി. മാധവമേനോൻെറ മററു കൃതികൾ.

---

1. അമരുകശതകം—വ്യാഖ്യാനം.

സുപ്രസിദ്ധതത്വചിന്തകനായ ജി. വിശ്വനാഥശൎമ്മയുടെ അവതാരിക; അനുഗൃഹീത ചിത്രകാരനായ എം. വി. ദേവൻെറ ആകൎഷകമായ മുഖചിത്രം. കമനീയമായ അച്ചടി.

വില ഒന്നര ഉറുപ്പിക.

2. കുമാരസംഭവം—ഭാഷാഗാനം (അഞ്ചുസൎഗ്ഗം.)

തുഞ്ചനെ അനുസ്മരിപ്പിക്കുന്ന ഭാഷാശൈലി; വൃത്താലങ്കാരങ്ങളോടുകൂടിയ വ്യാഖ്യാനം; ശിരോമണി പി. കൃഷ്ണൻനായരുടെ ആമുഖം; പണ്ഡിതർ വരവൂർ നാരായണമേനോൻെറ അവതാരിക; വടക്കേപ്പാട്ട് നാരായണൻ നായരുടെ അഭിനന്ദനം.

വില ഒരു ഉറുപ്പിക.

3. കൊച്ചുനൎത്തകി—ഗദ്യം.

(എൻ. വി. കൃഷ്ണവാരിയർ, എം. ഏ., എം. ലിററ്. അവർകളുടെ അവതാരിക.) വില ഒരു ഉറുപ്പിക.

4. ഋതുസംഹാരം—വ്യാഖ്യാനം. വില പതിന്നാലണ

5. നിഘണ്ടുമുക്താവലി. കൃഷ്ണവിലാസത്തിലെ ക്രിയാത്ര ങ്ങൾ. വില എട്ടണ

6. മിസ് ലീല—പ്രഹസനം. വില എട്ടണ.

P. Nalini,

C/o **C. M. Menon,**

Tattamangalam (T. C. S.)

(*Via.*) PALGHAT